# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3646** — **30.01.2014 -ലെ മറുപടിക്ക്**

## രാമനിലയം കൂത്തമ്പലം തീപിടിച്ച് നശിച്ചത് സംബന്ധിച്ച കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ** | | **ശ്രീ. രമേശ് ചെന്നിത്തല**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | തൃശ്ശൂർ രാമനിലയം കോമ്പൗണ്ടിൽ നിർമ്മാണത്തിലിരുന്ന കൂത്തമ്പലം തീപിടിച്ച് നശിച്ചത് സംബന്ധിച്ച കേസ് അന്വേഷണം എന്തായി എന്നറിയിക്കുമോ; | (എ) | തൃശ്ശൂർ രാമനിലയം കോമ്പൗണ്ടിൽ നിർമ്മാണത്തിലിരുന്ന കൂത്തമ്പലം തീപിടിച്ച് നശിച്ചത് സംബന്ധിച്ച കേസ് ഇപ്പോൾ ക്രൈംബ്രാഞ്ച് വിഭാഗം പാലക്കാട് ഒ.സി.ഡബ്ല്യു. പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിവരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ കണ്ടെത്തുന്നതിനായിട്ടുള്ള തെളിവുകളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊണ്ടു; ഇനി എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ കേസിലേക്ക് പരമാവധി തെളിവുകൾ ശേഖരിക്കുന്നതിന്റെ ഭാഗമായി ഫോറസ്റ്റ് വകുപ്പിലെ എക്സ്പർട്ടിന്റെയും, ഫോറൻസിക് സയൻസ് എക്സ്പർട്ടിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, കൂത്തമ്പലത്തിന്റെ മരപ്പണികൾ ഏറ്റെടുത്ത കരാറുകാരനെ പോളിഗ്രാഫ് പരിശോധനയ്ക്ക് വിധേയനാക്കുന്നതിന് വേണ്ടിയുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ